കേരള സർക്കാർ

# സ്വാതന്ത്ര്യദിന സന്ദേശം

കേരള മുഖ്യമന്ത്രി

ശ്രീ. വി. എസ്. അച്യുതാനന്ദൻ

2008 ആഗസ്റ്റ്, 15

# സ്വാതന്ത്ര്യദിന സന്ദേശം

അറുപത്തി രണ്ടാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ വേളയിൽ എല്ലാവർക്കും എന്റെ അഭിവാദ്യങ്ങൾ.

സാമ്രാജ്യാധിപത്യത്തെ തുരത്തെറിയുന്നതിനുവേണ്ടിയുള്ള ഐതിഹാസിക പോരാട്ടത്തിൽ ജീവാർപ്പണം ചെയ്ത ധീരരക്ത സാക്ഷികളുടെ സ്മരണയ്ക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികളർപ്പിക്കുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി രണാങ്കണത്തിലിറങ്ങി കൊടിയ പീഡനത്തിനിരയായ ധീരദേശാഭിമാനികളിൽ മഹാഭൂരിപക്ഷവും കഥാവശേഷമായി. എന്നാൽ അവരുടെ വീരസ്മരണകൾ തലമുറകളെ പ്രചോദിപ്പിക്കുകയും ആവേശം പകരുകയും ചെയ്യുന്നു.

മറ്റു രാജ്യങ്ങൾക്കുമേൽ ആധിപത്യമുറപ്പിക്കുന്നതിനുള്ള ആർത്തിയുമായി സാമ്രാജ്യത്വശക്തികൾ നാനാവിധേന ശ്രമിച്ചുകൊണ്ടിരിക്കുകയും അതിനെതിരെ ജനകീയ ചെറുത്തുനിൽപ്പുകൾ വളർന്നുവരികയും ചെയ്യുന്ന കാലഘട്ടമാണിത്. സ്വതന്ത്ര പരമാധികാര റിപ്പബ്ലിക്കായ നമ്മുടെ രാജ്യവും സാമ്രാജ്യത്വഭീഷണിയിൽ നിന്ന് മുക്തമല്ല എന്ന യാഥാർത്ഥ്യം സ്വാതന്ത്ര്യദിനാഘോഷ വേളയിൽ നാം തിരിച്ചറിയേണ്ടതുണ്ട്.

സഹസ്രാബ്ദങ്ങൾ നീണ്ട അഭിമാനകരമായ ചരിത്രവും പാരമ്പര്യവുമുള്ളതും മനുഷ്യവിഭവശേഷിയിലും പ്രകൃതിവിഭവ ശേഷിയിലും വിജ്ഞാനത്തിലും വൈദഗ്ദ്ധ്യത്തിലുമെല്ലാം ഏറ്റവും മുന്നണിയിലുള്ളതുമായ രാജ്യമാണ് നമ്മുടേത്. സ്വാശ്രയത്വത്തിലൂടെ മുന്നോട്ടുപോകാനുള്ള കെൽപ്പും ഇച്ഛാശക്തിയും നമുക്കുണ്ട്. അത് പരിഗണിക്കാതെയുള്ള കരാറുകളിലേർപ്പെടുന്നത് പാരതന്ത്ര്യത്തിന് തലവെച്ചുകൊടുക്കലാണ്. അതുകൊണ്ട് തുല്യതയിൽ അധിഷ്ഠിതമായ കരാറുകൾ മാത്രമാണ് ഇന്ത്യൻ ജനത അഭികാമ്യമായി കാണുന്നത്.

കാർഷികമേഖലയിൽ നിന്നും നൈരാശ്യത്തെ അകറ്റി പുത്തനുണർവുണ്ടാക്കാൻ കഴിഞ്ഞതിന്റെ കൃതാർത്ഥതയോടെയാണ് നാമിത്തവണ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത്. കടക്കെണിയും അതുമായി ബന്ധപ്പെട്ട ആത്മഹത്യകളും ഏറെക്കുറെ അവസാനിപ്പിക്കാൻ കഴിഞ്ഞു. കാർഷികമേഖലയിലെ ഉല്പാദന വർദ്ധന എന്നതാണ് സമീപഭാവിയിലെ നമ്മുടെ മുഖ്യലക്ഷ്യം. അതിനായി നാനാവിധ പരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ടുപോവുകയാണ് നാം. നെൽപ്പാടം നികത്തലും തരംമാറ്റലും തണ്ണീർതടം നികത്തലും ഭക്ഷ്യസുരക്ഷയ്ക്കും പ്രകൃതിസന്തുലനത്തിനും കടുത്ത ഭീഷണിയാണെന്നു കണ്ട് ആ ദുഷ്പ്രവണത തടയാൻ ഒരു നിയമം ഈ കാലയളവിൽ പാസാക്കാൻ നമുക്ക് കഴിഞ്ഞു. നെൽകൃഷി ലാഭകരമാക്കാൻ നിരവധി പദ്ധതികൾ തുടങ്ങി. കേന്ദ്രം പ്രഖ്യാപിച്ചതിനേക്കാൾ ഒന്നര രൂപ അധികം നൽകി നെല്ല് സംഭരിക്കുകയാണ്. താങ്ങുവില ഏഴ് രൂപയായിരുന്നത് പടിപടിയായി രണ്ട് വർഷംകൊണ്ട് പത്ത് രൂപയായി വർദ്ധിപ്പിച്ചത് നെല്ലുല്പാദനത്തിൽ വർദ്ധനയുണ്ടാക്കാൻ പ്രചോദനമായി. നെൽകൃഷിക്ക് പലിശരഹിത വായ്പാ സമ്പ്രദായം നടപ്പാക്കി രാജ്യത്തിനാകെ മാതൃക സൃഷ്ടിക്കാനും നമുക്ക് കഴിഞ്ഞു. കർഷക ഇൻഷുറൻസ് പദ്ധതി നടപ്പാക്കാനും വിള ഇൻഷുറൻസ് വിപുലപ്പെടുത്തി കാര്യക്ഷമമാക്കാനും കഴിഞ്ഞു. കർഷകർക്ക് പെൻഷൻ പദ്ധതി ആരംഭിക്കാൻ നടപടികൾ പൂർത്തിയായി.

അരി, മറ്റ് ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, മുട്ട, പാൽ, ഇറച്ചി തുടങ്ങിയ അവശ്യ ഭക്ഷ്യവസ്തുക്കൾക്കായി മറ്റു സംസ്ഥാനങ്ങളെ കൂടുതൽ കൂടുതലായി ആശ്രയിക്കേണ്ട അവസ്ഥയിലാണ് നാം. ഇതിനൊരു മാറ്റം വരുത്താൻ ഒരു കർമ്മപദ്ധതി ആവിഷ്ക്കരിച്ചു മുന്നോട്ടുപോവുകയാണ് നാം. ഉഴുന്ന്, പയർ തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറി, മുട്ട, പാൽ, ഇറച്ചി എന്നിവയുടെ കാര്യത്തിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കാനാകും. നമുക്കാവശ്യമായതിന്റെ അഞ്ചിലൊന്നിൽ താഴെയാണ് ഇവിടുത്തെ അരിയുൽപ്പാദനം എന്നതിനാൽ അക്കാര്യത്തിൽ സ്വയംപര്യാപ്തത വിദൂരസ്വപ്നം മാത്രമാണ്. എന്നാൽ നെല്ലുല്പാദനം

ആറ് ലക്ഷത്തിൽ ചില്വാനം ടൺ എന്ന നിലയിൽനിന്നും പത്ത് ലക്ഷത്തോളം ടൺ ആയി വർദ്ധിപ്പിക്കുക അസാധ്യമല്ല. അടുത്ത മൂന്നു വർഷത്തിനകം ആ ലക്ഷ്യം കൈവരിക്കാൻ കഴിയണം. അതിനുള്ള കർമ്മപദ്ധതിയാണ് നാം ആവിഷ്കരിച്ചിരിക്കുന്നത്. ഈ പരിപാടി വമ്പിച്ച വിജയമാക്കാൻ സർവാത്മനാ രംഗത്തുവരണമെന്നാണ് ഈ സ്വാതന്ത്ര്യദിനാഘോഷവേളയിൽ മുഴുവൻ കേരളീയരോടും എനിക്ക് ആഹ്വാനം ചെയ്യാനുള്ളത്.

നാല്-നാലര പതിറ്റാണ്ടായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. രാജ്യത്തിനാകെ മാതൃകാപരമായ പൊതുവിതരണശൃംഖല കെട്ടിപ്പടുക്കാനും വിലക്കയറ്റത്തെ പിടിച്ചുനിർത്താനും കഴിഞ്ഞ സംസ്ഥാനം. എന്നാൽ എല്ലാ കുടുംബത്തിനും റേഷൻ എന്ന സമ്പ്രദായത്തെ തകർക്കുകയും എ.പി.എൽ., ബി.പി.എൽ. എന്ന വിഭജനത്തിലൂടെ റേഷൻ പരിമിതപ്പെടുത്തുകയും ചെയ്യുന്ന സമീപനം കേന്ദ്രത്തിൽ നിന്നുണ്ടായി. ആഗോളവത്ക്കരണനയങ്ങളുടെ ഭാഗമായി പൊതുവിതരണ സമ്പ്രദായം തകർക്കുന്നതിന്റെ കേളികൊട്ടാണിതിലൂടെ ഉയരുന്നതെന്ന് കേരളം അന്നേ മുന്നറിയിപ്പ് നൽകി. എ.പി.എൽ. കാർഡുടമകൾക്കുള്ള അരിവിഹിതം ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ടും ഇപ്പോൾ പൂർണ്ണമായും നിഷേധിച്ചുകൊണ്ടുമുള്ള കേന്ദ്രനടപടി ആ മുന്നറിയിപ്പ് ശരിവെച്ചിരിക്കുന്നു.

എ.പി.എൽ. കാർഡുടമകൾക്ക് നൽകാൻ ഒരു ലക്ഷത്തി പതിമൂവായിരത്തി നാനൂറ്റിയിരുപത് ടൺ അരി അലോട്ട് ചെയ്തിരുന്നത് 2007 ഏപ്രിലോടെ ഇരുപത്തോരായിരത്തി മുന്നൂറ്റി മുപ്പത്തിനാല് ടണ്ണായും കഴിഞ്ഞ ഏപ്രിലോടെ പതിനേഴായിരത്തി അമ്പത്താറ് ടണ്ണായും കുറച്ചു. പൊതുവിപണിയിൽ കടുത്ത അരിക്ഷാമവും വിലക്കയറ്റവുമായിരുന്നു അതിന്റെ ഫലം. ബംഗാളിൽനിന്നും ആന്ധ്രയിൽ നിന്നുമെല്ലാം അരികൊണ്ടുവന്ന് സബ്സിഡി നൽകി അരിക്കടകളിലൂടെയും മാവേലി സ്റ്റോറിലൂടെയും വിതരണം ചെയ്ത് ക്ഷാമത്തെ പ്രതിരോധിക്കുകയും വിലക്കയറ്റം ഒരു പരിധി വരെ പിടിച്ചുനിർത്തുകയും ചെയ്തു.

അരി മിച്ചമുള്ളതിനാലല്ല നാം നെല്ല് സംഭരിക്കുന്നത്. താങ്ങുവില നൽകി കൃഷിക്കാരെ രക്ഷിക്കാനാണ്. അങ്ങനെ സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി പിന്നെയും സബ്സിഡി നൽകി നമ്മുടെ ന്യായവിലഷാപ്പുകൾ വഴി ഇവിടെത്തന്നെ വിതരണം ചെയ്യേണ്ടതുണ്ട്. ശരിയായ ആ ഇടപെടലിനെ കുറ്റമായി ചിത്രീകരിച്ച് റേഷനരി നിഷേധിക്കുന്ന ഭയങ്കരമായ അന്യായത്തിനാണ് നമ്മുടെ ജനത ഇരയാകുന്നതെന്ന് ഈ വേളയിൽ ഓർമ്മിപ്പിക്കാതിരിക്കുന്നത് അനുചിതമാവും.

കാലാവസ്ഥാവ്യതിയാനം കാരണം കാലവർഷക്കാലത്ത് മഴ വൻതോതിൽ കുറഞ്ഞതിനാൽ സംസ്ഥാനം കടുത്ത ഊർജ്ജ ക്ഷാമത്തിലാണ്. അതോടൊപ്പം കേന്ദ്രത്തിൽനിന്നുള്ള വൈദ്യുതി വിഹിതം റേഷനരിയുടെ കാര്യത്തിലെന്നപോലെ വൻതോതിൽ വെട്ടിക്കുറച്ചു. അടുത്ത മൂന്ന് വർഷത്തിനകം 500 മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് ഊർജ്ജിതയത്നം നടത്തുകയാണ് ഗവൺമെന്റ്. പല മടങ്ങ് വില അധികം നൽകി മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവന്നിട്ടും കമ്മി നികത്താൻ കഴിഞ്ഞിട്ടില്ല. താൽക്കാലികമായ ഈ പ്രതിസന്ധി പരിഹരിക്കാൻ മുഴുവനാളുകളുടെയും സഹകരണമുണ്ടാകണം.

സമഗ്രമായ വികസനത്തിലേക്ക് കുതിക്കുകയാണ് നമ്മുടെ സംസ്ഥാനം. നടക്കില്ലെന്ന് എഴുതിത്തള്ളാൻ തുടങ്ങിയിരുന്ന വിഴിഞ്ഞം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി ഇച്ഛാശക്തിയോടെയുള്ള നമ്മുടെ നിരന്തര പരിശ്രമത്തിന്റെ ഫലമായി യാഥാർത്ഥ്യമാകാൻ വഴി തെളിഞ്ഞിരിക്കുന്നു. ലോകോത്തരമായ വൻതുറമുഖമായി വിഴിഞ്ഞത്തെ മാറ്റുന്നതിന് പദ്ധതി തയ്യാറാക്കാനും അതിന് കരാറുകാരെ കണ്ടെത്താനും പദ്ധതിക്ക് അനുമതി നേടിയെടുക്കാനും കഴിഞ്ഞു. സ്ഥലം അക്വയർ ചെയ്യുന്നതിനും പ്രാഥമിക നടപടിയായി. അയ്യായിരം പേർക്ക് നേരിട്ടും ഒന്നരലക്ഷത്തോളം പേർക്ക് അനുബന്ധമായും തൊഴിൽ ലഭിക്കുന്നതും സാമ്പത്തിക രംഗത്ത് കേരളത്തെ ഏറെ മുന്നോട്ട് നയിക്കുന്നതുമായ ഈ പദ്ധതിയുടെ

ഒന്നാം ഘട്ടം മൂന്നുവർഷത്തിനകം പൂർത്തിയാകും. സ്ഥലമെടുപ്പിലെ പ്രശ്നങ്ങൾ കാരണം മുടങ്ങിപ്പോകുമെന്ന് പലരും ആശങ്കിച്ച വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെയും പ്രതിബന്ധങ്ങൾ നീക്കാൻ കഴിഞ്ഞു. സ്ഥലമുടമകളുടെ പൂർണ്ണ സംതൃപ്തി ഉറപ്പുവരുത്തി അക്വിസിഷൻ പൂർത്തീകരിച്ചു. അതിന്റെ രേഖകൾ നാളെ കൈമാറാൻ പോകുന്നു. അനിശ്ചിതത്വത്തിലായിരുന്ന കണ്ണൂർ വിമാനത്താവളപദ്ധതിക്ക് കേന്ദ്രാനുമതികൾ നേടിയെടുക്കുകയും സ്ഥലം അക്വിസിഷൻ ത്വരിതഗതിയിൽ നടത്തിവരികയുമാണ്. മൂന്നുവർഷത്തിനകം ആ പദ്ധതിയും പൂർത്തിയാകും. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ തടസ്സങ്ങൾ നീക്കി കമ്മീഷൻ ചെയ്യുകയും കോവളം മുതൽ നീലേശ്വരം വരെ ജലപാത യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തി ത്വരിതപ്പെടുത്തുകയും ചെയ്തു. മൂന്നുവർഷത്തിനകം അതും യാഥാർത്ഥ്യമാക്കാനാണ് ശ്രമം. ദേശീയ പാത നാലുവരിയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു.

വ്യവസായ, ഐ.ടി., ടൂറിസം മേഖലകളിൽ അഭൂതപൂർവമായ മുന്നേറ്റമാണ് നടന്നുകൊണ്ടിരിക്കുന്നത്. അടച്ചിടലിന്റെ വക്കിലായിരുന്ന പൊതുമേഖലാ വ്യവസായങ്ങളെ ലാഭത്തിലാക്കാനും നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനും കഴിഞ്ഞു. തിരുവനന്തപുരത്തെ ബ്രഹ്മോസ് മിസൈൽ നിർമ്മാണശാല, ചേർത്തല ഓട്ടോകാസ്റ്റിൽ റെയിൽവേയുമായി ചേർന്ന് സ്ഥാപിക്കുന്ന ബോഗി നിർമ്മാണ യൂണിറ്റ്, കോഴിക്കോട്ട് സ്റ്റീൽ കോംപ്ലക്സും സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്നാരംഭിക്കുന്ന സംയുക്ത സംരംഭം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സ്മാർട്ട്സിറ്റി പദ്ധതിയുടെ പ്രവൃത്തി തുടങ്ങാനായതും ജില്ലകളിൽ ഐ.ടി. പാർക്ക് തുടങ്ങാൻ നടപടി ആരംഭിച്ചതും ഐ.ടി. രംഗത്തെ മുന്നേറ്റത്തിന്റെ സൂചകങ്ങളാണ്. ആലപ്പുഴയിൽ രണ്ട് ഐ.ടി. പാർക്കുകളാണ് വരാൻ പോകുന്നത് — അമ്പലപ്പുഴയിലും ചേർത്തലയിലും. കണ്ണൂരിൽ എരമത്തും കാസർകോട്ട് ചീമേനിയിലും ഉടനെ

തന്നെ ഐ.ടി. പാർക്ക് തുടങ്ങും. കൊല്ലം, പാലക്കാട്, തൃശൂർ ജില്ലകളിലും ഐ.ടി. പാർക്ക് സ്ഥാപിക്കാൻ നടപടി ത്വരിതഗതിയിൽ നടക്കുന്നു. ഉത്തര കേരളത്തിലെ ഐ.ടി. വികസനത്തിനായി ടെക്നോപാർക്കിന്റെയും ഇൻഫോപാർക്കിന്റെയും മാതൃകയിൽ കോഴിക്കോട്ട് സൈബർപാർക്ക് രൂപീകരിക്കും. വ്യവസായരംഗത്ത് കേന്ദ്രനിക്ഷേപം ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് നമ്മുടേത്. സംസ്ഥാനത്ത് തീവണ്ടി ഓടിത്തുടങ്ങിയിട്ട് ഒന്നരനൂറ്റാണ്ടോള മായെങ്കിലും റെയിൽവേയുമായി ബന്ധപ്പെട്ട് വ്യവസായ സ്ഥാപനങ്ങളൊന്നുപോലും ഇവിടെയില്ല. നമ്മുടെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് ഇപ്പോൾ പാലക്കാട്ട് ബൃഹത്തായ ഒരു കോച്ച് ഫാക്ടറി സ്ഥാപിക്കാൻ അനുമതിയായിരിക്കുന്നു. കോച്ച് ഫാക്ടറിക്കാവശ്യമായ സ്ഥലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സത്വരമായി ലഭ്യമാക്കും.

സ്വാതന്ത്ര്യം ലഭിച്ച് ആറ് പതിറ്റാണ്ട് പിന്നിട്ടിട്ടും നമ്മുടെ രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങൾ ഭൂരഹിതരും ഭവനരഹിതരു മായി തുടരുന്നു. ഭൂപരിഷ്ക്കരണം ഉൾപ്പെടെയുള്ള അടിസ്ഥാനപര മായ പരിഷ്ക്കാരങ്ങൾ വഴി രാജ്യത്ത് ഭൂരഹിതർ ഏറ്റവും കുറവുള്ള സംസ്ഥാനമാണ് നമ്മുടേത്. എങ്കിലും ഇവിടെയും പതി നായിരക്കണക്കിന് കുടുംബങ്ങൾക്ക് സ്വന്തമായി സ്ഥലമില്ല. നാല് ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് കേറിക്കിടക്കാനിടമില്ല. ആ പ്രശ്നം പരിഹരിക്കാൻ ദൃഢനിശ്ചയം ചെയ്ത് മുന്നോട്ടു പോവുക യാണ് സർക്കാർ. ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ ഭൂമിയും ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസ യോഗ്യമായ വീടും ലഭ്യമാക്കാൻ സമഗ്രമായ പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നു. ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി മൂന്നുവർഷ ത്തിനകം പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടു പോവുകയാണ്. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനായി നടത്തിയ തീവ്രയത്നത്തിന്റെ ഭാഗമായി മൂന്നാറിൽ പന്തീരായിരം ഉൾപ്പെടെ സംസ്ഥാനത്താകെ വീണ്ടെടുത്ത പതിനയ്യായിര ത്തിൽപ്പരം ഏക്കർ ഭൂമിയിൽ പരമാവധി ഭൂരഹിതർക്ക് വിതരണം ചെയ്യും. മിച്ചഭൂമി ഏറ്റെടുക്കലും വിതരണവും ത്വരിതപ്പെടുത്തി വരികയാണ്.

സ്വാതന്ത്ര്യം ലഭിച്ച് ആറ് പതിറ്റാണ്ട് കഴിഞ്ഞിട്ടും നമ്മുടെ ജനതയിൽ വലിയൊരു വിഭാഗം കടുത്ത ദുരിതങ്ങളനുഭവിക്കുകയാണ്. എല്ലാ വിഭാഗത്തിനും പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തിക്കൊണ്ട് ഇതിന് തെല്ലൊരാശ്വാസം നൽകാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നു. ക്ഷേമ പെൻഷൻ പദ്ധതി കൂടുതൽ വിഭാഗങ്ങളിലേക്ക് വ്യാപിപ്പിച്ചു. ക്ഷേമപെൻഷനുകൾ നൂറും നൂറ്റിയിരുപതും രൂപയായിരുന്നത് ഇരുന്നൂറ് രൂപയായി വർദ്ധിപ്പിക്കാനും കൃത്യമായി കൊടുക്കാനും കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യം എനിക്കുണ്ട്.

ധർമ്മാശുപത്രികൾ കാര്യക്ഷമമാക്കിയതിനു പുറമെ പാവപ്പെട്ടവർക്ക് ചികിത്സ സൗജന്യമാക്കുന്നതിന്റെ ഭാഗമായി ചികിത്സാ ഇൻഷുറൻസ് ഏർപ്പെടുത്താൻ തീരുമാനിച്ച കാര്യവും ഓർമ്മിപ്പിക്കട്ടെ. ന്യൂനപക്ഷ സമുദായാംഗങ്ങളുടെ ഉന്നമനത്തിനായി സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിക്കാനും വിവിധങ്ങളായ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കാനും കഴിഞ്ഞു.

നമ്മുടെ രാജ്യത്തിന്റെ ശാന്തിയും സമാധാനവും തകർക്കാൻ തീവ്രവാദികൾ വിദേശത്തെ ഭീകര സംഘങ്ങളുടെ പിൻബലത്തോടെ ശ്രമിച്ചു വരികയാണ്. ബംഗ്ലൂരിലും അഹമ്മദാബാദിലും അടുത്തിടെ ഉണ്ടായ സ്ഫോടനങ്ങളിൽ നിരവധിപേർ മരിച്ചു. നമ്മുടെ സംസ്ഥാനത്തും തീവ്രവാദി സംഘടനകളുടെ പ്രവർത്തനം ഒളിഞ്ഞും തെളിഞ്ഞും നടക്കുന്നുണ്ട്. മതത്തിന്റെ പേരിലുള്ളതായാലും അല്ലെങ്കിലും ഭീകരപ്രവർത്തനത്തെ അമർച്ച ചെയ്തേ സമാധാനജീവിതവും പുരോഗതിയും ഉറപ്പാക്കാനാകൂ. ഇതിനായി ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളുമായി സഹകരിക്കുന്നതോടൊപ്പം ഛിദ്രശക്തികളെ ഒറ്റപ്പെടുത്താൻ ജനങ്ങൾ ജാഗ്രത പാലിക്കണം.

നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. കൊച്ചുപെൺകുട്ടികൾ വരെ ലൈംഗികാതിക്രമത്തിനിരയാവുന്ന നടുക്കുന്ന കഥകൾ പുറത്തുവന്നുകൊണ്ടി

രിക്കുന്നു. മൊബൈൽ ഫോണുകൾവരെ പെൺകുട്ടികളെ അപമാനിക്കുന്നതിനും ഭീഷണിപ്പെടുത്തുന്നതിനുമുള്ള ഉപകരണമായി ഉപയോഗപ്പെടുത്തുന്ന ഹീനമായ സ്ഥിതിവിശേഷമുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യാൻ പോലീസ് സ്വീകരിക്കുന്ന നടപടികൾക്ക് ജനങ്ങളുടെ പൂർണ്ണ സഹകരണമുണ്ടാകണം. സാമൂഹ്യമായും സാംസ്കാരികമായും ജീവിതനിലവാരത്തിന്റെ കാര്യത്തിലും ഏറ്റവും മുന്നിലാണെന്നഭിമാനിക്കുമ്പോഴും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അപമാനഭാരമുണ്ടാക്കുന്നു. കടുത്ത തിന്മയായ സ്ത്രീധനവും അതിന്റെ പേരിലുള്ള പീഡനവും തുടർന്നുകൊണ്ടിരിക്കുന്നു. ഈ പ്രശ്നങ്ങളിൽ ജനകീയമായ ജാഗ്രത കാലം ആവശ്യപ്പെടുന്നു.

സ്നേഹവും സൗഹാർദ്ദവും ഐക്യവും കാരുണ്യവുമാകണം സമൂഹത്തെ നയിക്കേണ്ട വികാരങ്ങൾ. മനുഷ്യൻ ഒന്നാണെന്ന ബോധമാണ് വളർത്തേണ്ടത്. എല്ലാ സാമൂഹ്യതിന്മകൾക്കുമെതിരെ പോരാടുമെന്നും നമ്മുടെ സ്വാതന്ത്ര്യവും പരമാധികാരവും തകർക്കാനോ ക്ഷീണിപ്പിക്കാനോ ഉള്ള എല്ലാ നീക്കങ്ങളെയും ചെറുക്കുമെന്നും നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ഉന്നമനത്തിനായി അനവരതം പ്രവർത്തിക്കുമെന്നും ഈ അവസരത്തിൽ പ്രതിജ്ഞയെടുക്കാം.

ഒരിക്കൽക്കൂടി മുഴുവനാളുകൾക്കും എന്റെ സ്വാതന്ത്ര്യദിനാശംസകൾ.

---